# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1925

07.12.2015 ൽ ബഹു: മുഖ്യമന്ത്രി
മറുപടി പറയേണ്ടത്

## 10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ

**ചോദ്യം**

ശ്രീമതി. കെ.എസ്. സലീഖ

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന 10-ാം ശമ്പള പരിഷ്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് കമ്മീഷനെ നിയമിച്ചതുമുതൽ നാളിതുവരെ ഉദ്യോഗസ്ഥ പ്രവർത്തനങ്ങൾക്കും മറ്റ് പ്രവൃത്തികൾക്കുമായി സർക്കാർ ഖജനാവിൽ നിന്നും ചെലവായ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ; | : | പത്താം ശമ്പള പരിഷ്ക്കരണ കമ്മീഷൻ ചെയർമാൻ, മെമ്പർ സെക്രട്ടറി, മെമ്പർ എന്നിവർക്ക് ശമ്പളമായി 39,55,644 രൂപയും മറ്റ് ജീവനക്കാരുടെ ശമ്പളം റ്റി.എ, മറ്റ് അലവൻസുകൾ എന്നീ ഇനത്തിൽ നാളിതുവരെ 1,45,60,919/- രൂപയും ശമ്പളേതര ഇനത്തിൽ 39,14,193/- രൂപയും ചിലവായിട്ടുണ്ട്. |
| (ബി) | 10-ാം ശമ്പള കമ്മീഷൻ ചെയർമാൻ ഇക്കാലയളവിൽ സർക്കാരിൽ നിന്നും സ്വീകരിച്ച (ശമ്പളം ഉൾപ്പെടെയുള്ള) സാമ്പത്തിക ആനുകൂല്യങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ; | : | ശമ്പളം - 13,18,548/-<br>യാത്രാബത്ത - 1,42,500/-<br>ഇന്ധന ചിലവ് - 1,74,190/-<br>**ആകെ = 16,35,238** |
| (സി) | ശമ്പള കമ്മീഷന്റെ പ്രവർത്തനത്തിനായി ഏതെല്ലാം ഇനത്തിൽപ്പെട്ട എത്ര വാഹനങ്ങൾ നാളിതുവരെ അനുവദിച്ചിട്ടുണ്ട് ; ഓരോ വാഹനത്തിനും നാളിതുവരെ ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ; | : | ശമ്പള കമ്മീഷൻ ഉപയോഗത്തിനായി സർക്കാരിൽ നിന്നും 3 വാഹനങ്ങളും, കരാർ അടിസ്ഥാനത്തിൽ 1 വാഹനവും കമ്മീഷൻ ഉപയോഗിക്കുന്നു. ഓരോ വാഹനത്തിനും നാളിതുവരെ ചിലവായ തുക ചുവടെ ചേർക്കുന്നു. |

| മഹീന്ദ്ര ബൊലേറൊ | ഫോർഡ് ഫിയസ്റ്റ | ടൊയോട്ട കൊറോള | കരാർ വാഹനം |
|---|---|---|---|
| 68626 | 78574 | 167172 | 296600 |

| | | | |
|---|---|---|---|
| ഡി) | ശമ്പള കമ്മീഷൻ ചെയർമാൻ മറ്റേതെങ്കിലും കമ്മീഷന്റെ ഭാഗമായോ, ചെയർമാനായോ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ; എങ്കിൽ ഇവയിൽ നിന്നും ശമ്പളം/റ്റി.എ/ഡി.എ ഉൾപ്പെടെ എത്ര തുക നാളിതുവരെ കൈപ്പറ്റിയെന്നും എത്ര വാഹനങ്ങൾ ഇപ്പോഴും ഉപയോഗിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | : | ശമ്പള കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് സി.എൻ രാമചന്ദ്രൻ നായർ കേരള ഡാം സേഫ്റ്റി അതോറിറ്റി ചെയർമാനായും പ്രവർത്തിക്കുന്നുണ്ട്. ടി ഓഫീസിൽ നിന്നും കൈപ്പറ്റിയ സാമ്പത്തിക ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ല. ശമ്പള കമ്മീഷനിൽ നിന്നും ചെയർമാന് വാഹനം അനുവദിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം ഡാം സേഫ്റ്റി അതോറിറ്റി ചെയർമാന്റെ വാഹനം ശമ്പള കമ്മീഷൻ ആവശ്യത്തിനും ഉപയോഗിക്കാൻ അനുവദിച്ചിട്ടുണ്ട്. കമ്മീഷൻ ആവശ്യത്തിനുള്ള ഉപയോഗത്തിന്റെ ഇന്ധനചിലവ് മാത്രമേ ഈ ഓഫീസ് വഹിച്ചിട്ടുള്ളൂ. |
| (ഇ) | ഇപ്രകാരം പല ശമ്പളവും പെൻഷനും ഉൾപ്പെടെ ശമ്പള കമ്മീഷൻ ചെയർമാൻ സംസ്ഥാന സർക്കാർ ഖജനാവിൽ നിന്ന് പ്രതിമാസം എത്ര രൂപ കൈപ്പറ്റുന്നുവെന്ന് വ്യക്തമാക്കുമോ; | : | ശമ്പള കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് സി.എൻ രാമചന്ദ്രൻ നായർക്ക് പ്രതിമാസം 50,000 രൂപ വീതം 31.03.2015 വരെയും 01.04.2015 മുതൽ 75,000 രൂപ വീതവും അനുവദിച്ചിട്ടുണ്ട്. |
| (എഫ്) | 10-ാം ശമ്പള പരിഷ്കരണ റിപ്പോർട്ട് എന്നാണ് കമ്മീഷൻ സർക്കാരിന് സമർപ്പിച്ചത്; ഇത് നടപ്പിലാക്കാൻ സർക്കാർ നിയോഗിച്ച മന്ത്രിസഭാ ഉപസമിതി നാളിതുവരെ കൂടിയില്ലെങ്കിൽ അതിന്റെ കാരണമെന്ത്; ഉപസമിതി അംഗങ്ങൾ ആരൊക്കെ; വിശദാംശം നൽകുമോ? | : | പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട് 13/07/2015 ൽ സർക്കാറിന് സമർപ്പിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കാൻ സർക്കാർ നിയോഗിച്ച മന്ത്രിസഭാ ഉപസമിതി 03.12.2015-ന് കൂടിയിട്ടുണ്ട്.<br><br>**<u>ഉപസമിതിയുടെ അംഗങ്ങൾ</u>**<br><br>മുഖ്യമന്ത്രി - കൺവീനർ<br>ആഭ്യന്തര വകുപ്പ് മന്ത്രി<br>വ്യവസായ-വിവര സാങ്കേതികവിദ്യാ വകുപ്പ് മന്ത്രി<br>ഊർജ്ജ വകുപ്പ് മന്ത്രി |

**സെക്ഷൻ ഓഫീസർ**